(ഡി) ഈ ഒഴിവുകളിലേയ്ക്ക് കഴിയുംവേഗം നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ ഓർമ്മക്കുറിപ്പുകൾ മുഖാന്തിരം പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) കുടിവെള്ള വിതരണം, സ്വീവേജ് എന്നിവ കുറ്റമറ്റതാക്കാൻ നിലവിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 121 (നൂറ്റി ഇരുപത്തി ഒന്ന്).

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻ 5.5.98 അനുസരിച്ച് ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 68 ഒഴിവുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(സി) ഏഴു തവണ, ദക്ഷിണമേഖലയിൽ 3 പ്രാവശ്യവും, ഉത്തരമേഖലയിൽ 2 പ്രാവശ്യവും, ഐ.പി.ഡി.യിൽ 2 പ്രാവശ്യവും താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പി.എസ്.സി.യോട് നിയമനം അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

91 (1197) കേരള വാട്ടർ അതോറിറ്റിയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ എക്സിക്യൂട്ടീവ്, മിഡിൽ ലേബർ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനത്തിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്: ഓരോ വിഭാഗത്തിലേയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടിക വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20.3.85-ലെ ജി.ഒ.(എം.എസ്.) നമ്പർ 114/85/ജി.എ.ഡി., 10.11.93-ലെ ജി.ഒ. (എം.എസ്.) നമ്പർ 23/93/പ്ലാനിംഗ്, 22.1.1994-ലെ ജി.ഒ.(എം.എസ്.) നമ്പർ 25/94/ജി.എ.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ലംഘിച്ചതിന് കാരണക്കാരായ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്; ഇവർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. എക്സിക്യൂട്ടീവ് ലെവൽ മൊത്തം : 414

LIBRARY ARCHIVES Kerala Legislative Assembly

	എസ്.സി.	:	10
	എസ്.ടി.	:	ഇല്ല
2.	മിഡിൽ ലെവൽ എക്സിക്യൂട്ടീവ്	:	428
	എസ്.സി.	:	43
	എസ്.ടി.	:	1
3.	ലോവർ കാറ്റഗറി	:	5853
	എസ്.സി.	:	583
	എസ്.ടി	:	37
4.	വർക്കർ കാറ്റഗറി	:	1502
	എസ്.സി.	:	239
	എസ്.ടി.	:	24

(ബി) കേരളാ വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നടത്തുന്നത്. നിയമനങ്ങളിൽ കേരള വാട്ടർ അതോറിറ്റി സംവരണതത്വങ്ങൾ പാലിക്കുന്നുണ്ട്. അതുകൊണ്ട് സംവരണതത്വങ്ങൾ വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാർ ലംഘിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല.

(സി) ഓരോ വർഷവും ജനുവരി ഒന്നാം തീയതിയിലെ കണക്കുവച്ച് വാർഷികാവലോകനം പൊതുഭരണ വകുപ്പ് നടത്തുന്നു. മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി തസ്തികകൾ സംവരണം ചെയ്യുകയും ചെയ്യുന്നു. ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ഹൈലെവൽ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

92 (1198) കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മാർച്ച് 31 വരെ സംസ്ഥാനത്തെ ജലസേചന വകുപ്പ് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുണ്ടായിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1999 മാർച്ച് 31 വരെ കൊടുത്തു തീർക്കുവാനുള്ള സംഖ്യ എത്ര;

(സി) കുടിശ്ശിക സംഖ്യ എന്നേക്ക് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ഐ. അന്റ് എ.), ചീഫ് എഞ്ചിനീയർ പ്രോജക്ട്-1, ചീഫ് എഞ്ചിനീയർ പ്രോജക്ട്-2. ചീഫ് എഞ്ചിനീയർ പ്രോജക്ട്-3 എന്നീ ആഫീസുകളിലെ കുടിശ്ശിക 4209.76 ലക്ഷം രൂപയായിരുന്നു.

(ബി) മേൽപ്പറഞ്ഞ ആഫീസുകളെ സംബന്ധിച്ച തുക 7725.81 ലക്ഷം രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly